## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3178** **03.04.2013 ൽ മറുപടിയ്ക്ക്.**

## സോയിൽ സർവ്വെ/സോയിൽ കൺസർവേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ സോയിൽ സർവ്വെ, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകൾ വഴി 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്നും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതും ഇനിയും നടത്തുവാൻ ശുപാർശ ചെയ്തിട്ടുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കുമോ; | (എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വഴി 2010-13 കാലഘട്ടത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള നീർത്തടാടിസ്ഥാന മണ്ണ് ജല സംരക്ഷണ പദ്ധതിയിൽ (ആർ.ഐ.ഡി.എഫ്) ഉൾപ്പെട്ട മുട്ടാട്ടിമല, ഇലഞ്ഞിമേൽ എന്നീ പദ്ധതികളും, കുട്ടനാട് പാക്കേജിന്റെ 1-ാം ഘട്ടത്തിൽ ഉൾപ്പെട്ട കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1-ൽ ചേർക്കുന്നു.<br>ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെട്ട മുട്ടാട്ടിമല, ഇലഞ്ഞിമേൽ എന്നീ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളും, കുട്ടനാട് പാക്കേജിന്റെ 1-ാം ഘട്ടത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും 2013-14 -ലും തുടരുന്നതാണ്. ആർ.ഐ.ഡി.എഫ് -ലും കുട്ടനാട് പാക്കേജിലും ശുപാർശ ചെയ്തിട്ടുള്ളതും അംഗീകാരം പ്രതീക്ഷിയ്ക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. |
| (ബി) ഈ പ്രവൃത്തികൾ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രാവർത്തികമാക്കുന്നത് എന്നും ആയവയുടെ പേര് വിവരങ്ങൾ ടെലിഫോൺ നമ്പർ സഹിതം വ്യക്തമാക്കുമോ? | (ബി) ഈ പ്രവൃത്തികൾ എല്ലാം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ആലപ്പുഴ ജില്ലാ മണ്ണ് സംരക്ഷണ ആഫീസറുടെ നേതൃത്വത്തിൽ ചെങ്ങന്നൂർ മണ്ണ് സംരക്ഷണ ആഫീസ് മുഖേനയാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.<br>ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ, ആലപ്പുഴ – 0477-2254927<br>മണ്ണ് സംരക്ഷണ ആഫീസർ, ചെങ്ങന്നൂർ – 0479-2456552 |

സെക്ഷൻ ഓഫീസർ.

അനുബന്ധം - I

അംഗീകാരം ലഭിച്ചതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നം: | പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക | നാളിതുവരെ ചെലവഴിച്ച തുക (ലക്ഷം) | നിർമ്മാണ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| RIDF പദ്ധതികൾ | | | | | |
| (1) | മുട്ടാഴിമല പദ്ധതി RIDF IV | മുളക്കുഴ | 89.0 | 2010-11 : 37.40<br>2011-12 : 15.92<br>2012-13 : 25.96<br>ആകെ : 79.28 | സംരക്ഷണ ഭിത്തി, മഴക്കുഴി, റബറിന് ടെറസ്, കല്ല് കയ്യാല ബണ്ട് ബലപ്പെടുത്തൽ, മഴവെള്ള സംഭരണി, കുളങ്ങളുടെ പുനരുദ്ധാരണം |
| (2) | ഇലഞ്ഞിമേൽ RIDF XVII | പുലിയൂർ<br>ബുധനൂർ<br>ചെറിയനാട് | 83.0 | 2012-13 : 16.45 | റബർ ടെറസ്, മഴക്കുഴികൾ സംരക്ഷണ ഭിത്തി |

കുട്ടനാട് പാക്കേജ്

| | കുളങ്ങളുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക | നാളിതുവരെ ചെലവഴിച്ച തുക (ലക്ഷം) | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|
| | 2011-12 | | | | |
| 1 | കാടൻകുളം | ബുധനൂർ | 4.93 | 4.91 | പൂർത്തീകരിച്ചു. |
| 2 | മഠത്തിൽകുളം | പുലിയൂർ | 4.93 | 3.92 | പൂർത്തീകരിച്ചു |
| 3 | താതെതാനികുളം | വെൺമണി | 63.90 | | പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |
| | ആകെ | | | 8.83 | |
| | 2012-13 | | | | |
| 1 | കടുവിനാൽകുളം | ബുധനൂർ | 13.8 | | പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |
| 2 | ഏർമാടിക്കുളം | പാണ്ടനാട് | 6.39 | | |
| 3 | സോമശേഖരകുളം | പുലിയൂർ | 11.23 | | |
| 4 | പുത്തൻകുളങ്ങര വലിയ കുളം | ചെന്നിത്തല തൃപ്പെരുന്തുറ | 8.39 | 8.11 | പൂർത്തീകരിച്ചു |
| 5 | പഴവൂർ കുളം | മാന്നാർ | 3.27 | 3.27 | പൂർത്തീകരിച്ചു |
| | ആകെ | | | 11.38 | |
| | 2013-14 | | | | |
| 1 | ചെമ്പശ്ശേരികുളം | മാന്നാർ | 5.47 | | പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |
| 2 | പേരയിൽകുളം | ചെന്നിത്തല തൃപ്പെരുന്തുറ | 9.12 | | |
| 3 | തേവലകുളം | ചെറിയനാട് | 19.10 | | |
| 4 | അരിയന്തൽ കുളം | ബുധനൂർ | 7.20 | | |
| 5 | വനവാതുക്കൽ കുളം | തിരുവൻവണ്ടൂർ | 6.57 | | |
| 6 | തൃക്കണ്ണാപുരം | വെൺമണി | 20.24 | | |
| | ആകെ | | | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

## ശുപാർശ ചെയ്തിട്ടുള്ളതും അംഗീകാരം പ്രതീക്ഷിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക | നിർമ്മാണ പ്രവർത്തനങ്ങൾ |
|---|---|---|---|---|
| RIDF പദ്ധതികൾ | | | | |
| (1) | ബ്ലോക്ക് 10 പാടശേഖര വെള്ളപ്പൊക്ക നിവാരണ പദ്ധതി | ചെന്നിത്തല തൃപ്പെരുംതുറ | 60.0 | സംരക്ഷണ ഭിത്തി, സ്ലൂയി റാമ്പ് |

കുട്ടനാട് പാക്കേജ്

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|
| 1 | വലിയപറമ്പിൽക്കുളം | ബുധനൂർ | 10.78 | |
| 2 | പൂക്കൈതാക്കുളം | ബുധനൂർ | 8.43 | |
| 3 | ചാങ്ങയിൽക്കുളം | വെൺമണി | 6.93 | |
| 4 | പുന്തലക്ഷേത്രക്കുളം | വെൺമണി | 5.34 | |
| 5 | ദൈവത്തുമൂട്ടിൽ ക്ഷേത്രക്കുളം | വെൺമണി | 6.93 | |
| 6 | കരിംപള്ളിൽക്കുളം | വെൺമണി | 5.3 | |
| 7 | പൊട്ടക്കുളം | വെൺമണി | 5.3 | |
| 8 | വാഴൂർകുളം | വെൺമണി | 5.3 | |
| 9 | മഹാവിഷ്ണുക്ഷേത്രക്കുളം } | ചെങ്ങന്നൂർ | 14.67 | |
| 10 | മഹാദേവർക്ഷേത്രക്കുളം } | മുനിസിപ്പാലിറ്റി | 65.0 | |